# തിരുഹൃദയ നാദം

2024 ജൂൺ | ലക്കം 121 | പുസ്തകം 6




തിരുഹൃദയ തീർത്ഥാടനകേന്ദ്രം
പെരിഞ്ചേരി, ഫോൺ : 0487 2342423

# നവാഗതർക്ക് സ്വാഗതം




## LSS Winners 2023-2024


Anjana Maria


Rithved Kesav M


Andria Shaju


Archana P.R.

**ലിറ്റിൽ ഫ്ളവർ എൽ.പി.എസ്.,**
**പെരിഞ്ചേരി**

Contact: **04872340062** (School)
**9745285807** (Headmistress)




# തിരുഹൃദയ നാദം

**പാരിഷ് ബുള്ളറ്റിൻ**

പുസ്തകം 6 | ലക്കം 121 | ജൂൺ 2024

പെരിഞ്ചേരി, തൃശ്ശൂർ - 680306, ഫോൺ: 0487 - 2962423, 0487 - 2342423

*Website*: sacredheartshrineperinchery.com

*Email*: perincherysacredheart@gmail.com

## പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ഫാ. പോൾ താണിക്കൽ
Mob : 9495041382

**മാനേജിങ്ങ് എഡിറ്റർ**
ഫാ. ജിന്റോ ചിറമ്മൽ CMI
Mob : 8248363161

**എക്സിക്യൂട്ടീവ് എഡിറ്റർ**
പോൾ കാട്ടൂക്കാരൻ
Mob : 9495130756

**എഡിറ്റർ**
പ്രിൻസൺ പുത്തിരി
Mob : 8547258347

**ട്രഷറർ**
ഷാജു കിടങ്ങൻ
Mob : 9061955814

**അഡ്വർടൈസ്മെന്റ്**
ജോമോൻ തട്ടിൽ
Mob : 9495528715

**ട്രസ്റ്റി**
സിബിൻ കല്ലൂക്കാരൻ
Mob : 9747013629

**കമ്മിറ്റി അംഗങ്ങൾ**
റവ. സി. ഫെമി FCC
0487 2342027
റവ. സി. ടിസ്സ ജീസ് FCC
0487 2342027
ജോസ് മുത്തിപീടിക
Mob : 9946006917

**മീഡിയ**
ജോക്സൺ കുറ്റിക്കാട്ട്
Mob : 8113006409
ബെൻസി റോയ്
Mob : 807869536

## ഇതളുകൾ വിരിയുമ്പോൾ...

| | |
|---|---|
| ഓർമ്മിക്കാൻ ആചരിക്കാൻ | 4 |
| പത്രാധിപക്കുറിപ്പ് | 5 |
| ഇടയസ്വരം | 7 |
| കൊച്ചച്ചൻ സംസാരിക്കുന്നു | 9 |
| തിരുഹൃദയനാഥന് നന്ദി | 11 |
| വി. മറിയം ത്രേസ്യാമ്മ (കവിത) | 13 |
| മഴ എന്റെ മനസ്സിൽ | 14 |
| ആരോഗ്യവേദി | 15 |
| ആരോരുമറിയാതെ (കവിത) | 17 |
| ലഹരി ആസക്തി കുട്ടികളിൽ | 18 |
| അടുക്കള നുറുങ്ങുകൾ | 20 |
| സ്വർഗ്ഗവും നരകവും ഉണ്ടോ ? | 21 |
| കിഡ്സ് കോർണർ | 53 |
| സഭാ വാർത്തകൾ | 54 |
| ഇടവക വാർത്തകൾ | 56 |
| സംഘടന വാർത്തകൾ | 61 |
| വിശുദ്ധരുടെ പാതയിൽ | 64 |
| നവാഗതർ, നവദമ്പതികൾ... | 65 |
| അടിക്കുറിപ്പ് | 66 |
| നിറം കൊടുക്കൽ | 67 |
| തിരുഹൃദയനാദം ക്വിസ് | 69 |
| ബൈബിൾ കലണ്ടർ | 70 |

SCAN HERE

*മുഖചിത്രം:*
നമുക്കായി ഹൃദയം കുത്തിതുറക്കപ്പെട്ട തിരുഹൃദയനാഥൻ

FOR PRIVATE CIRCULATION ONLY



# ഓർമ്മിക്കാൻ ആചരിക്കാൻ

**ജൂൺ 2024**

| | | |
|---|---|---|
| 07 | വെള്ളി | മാസാദ്യവെള്ളി **തിരുഹൃദയ തിരുനാൾ,** പ്രാർത്ഥനാ ശുശ്രൂഷകൾ, തിരുഹൃദയ ഊട്ട് |
| 08 | ശനി | പരി. മാതാവിന്റെ വിമലഹൃദയ തിരുനാൾ |
| 11 | ചൊവ്വ | വി. ബർണ്ണബാസ് ശ്ലീഹാ |
| 13 | വ്യാഴം | വി. അന്തോനീസ് |
| 22 | ശനി | വി. തോമസ് മൂർ |
| 24 | തിങ്കൾ | വി. യോഹന്നാൻ മാംദാനയുടെ ജനനം |
| 29 | ശനി | വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ |

## മാസാദ്യവെള്ളി തിരുഹൃദയ ഊട്ടുതിരുനാൾ

2024 ജൂൺ മാസത്തെ മാസാദ്യവെള്ളി തിരുഹൃദയ ഊട്ടു തിരുനാൾ 7–ാം തിയ്യതി ആചരിക്കുന്നു. രാവിലെ 5.45 നും 7.15 നും വൈകീട്ട് 5.30 നും പാട്ടുകുർബ്ബാന, ലദീഞ്ഞ്, തിരുഹൃദയ നൊവേന, 10.00 ന് ആഘോഷമായ പാട്ടുകുർബ്ബാന, തിരുഹൃദയസന്ദേശം, ലദീഞ്ഞ്, തിരുഹൃദയ നൊവേന, ആരാധന, പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ, ദിവ്യകാരുണ്യപ്രദക്ഷിണം, പരിശുദ്ധ കുർബാനയുടെ ആശീർവ്വാദം, കൈവെപ്പ് ശുശ്രൂഷ, തുടർന്ന് സൗഖ്യദായക തിരുഹൃദയ ഊട്ട്. ശുശ്രൂഷകൾക്ക് ***ഫാ. ജോബ് വടക്കൻ*** മുഖ്യ കാർമ്മികത്വം വഹിക്കും.

2024 ജൂൺ മാസം തിരുനാൾ ഏറ്റെടുത്ത് നടത്തുന്നത്

***പല്ലിശ്ശേരി ഡിൻസി ഡെന്നി, അമ്മാടം***

**കുമ്പസാരത്തിനും കൗൺസിലിങ്ങിനും പ്രത്യേക സൗകര്യം ഉണ്ടായിരിക്കും.**

***തിരുഹൃദയസന്നിധിയിലേക്ക് ഏവർക്കും സ്വാഗതം !!!***

പശ്ചാത്തപിക്കുന്നവർക്ക് തിരിച്ചുവരാൻ അവിടുന്ന് അവസരം നല്കും. (പ്രഭാ. 17: 24).




# തിരുഹൃദയ ഭക്തിയിൽ ആഴപ്പെടാം

നമുക്കായി പിളർക്കപ്പെട്ട ഹൃദയത്തിലെ രക്തതുള്ളികൾ കൊണ്ട് മന്നിലെ മനുഷ്യമക്കളെ രക്ഷിക്കാൻ വന്ന ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിന്റെ ഹൃദയത്തോടുള്ള വണക്കത്തിനായി ജൂൺമാസം വന്നെത്തിയിരിക്കുന്നു. തിരുഹൃദയ വണക്കത്തിനായി സഭാമാതാവ് പ്രത്യേകം നീക്കിവച്ചിരിക്കുന്ന ഈ മാസത്തിൽ ഈശോയുടെ തിരുഹൃദയത്തിനായി പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള നമ്മുടെ ഇടവക 121-ാം വാർഷിക തിരുഹൃദയ തിരുനാളും ആഘോഷിക്കുന്നു. തന്റെ തിരുഹൃദയത്തിൽ കെട്ടികിടന്നിരുന്ന അവസാനത്തുള്ളി രക്തവും വെള്ളവും കൂടി മനുഷ്യമക്കൾക്കായി ചിന്തിയ ഈശോയുടെ തിരുഹൃദയത്തിലെ സ്നേഹാഗ്നിയായിരിക്കട്ടെ തിരുഹൃദയ വണക്കമാസത്തിലെ നമ്മുടെ പ്രഥമ ചിന്താവിഷയം.

നമ്മുടെ വികാരിയച്ചൻ പല തവണ പറയാറുള്ള ഒരു വസ്തുതയാണ് തിരുഹൃദയ തീർത്ഥാടനകേന്ദ്ര ഇടവകാംഗങ്ങളായ നമുക്ക് വേണ്ടത്ര തിരുഹൃദയ ഭക്തിയില്ലെന്നത്. ഇത് കുറെയെങ്കിലും യാഥാർത്ഥ്യമല്ലേയെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. തിരുഹൃദയ ഭക്തിയാണ് വിശുദ്ധരോടുള്ള ഭക്തിയേക്കാൾ ഏറ്റവും ശ്രേഷ്ഠമെന്നത് നാം മനസ്സിലാക്കാതെ പോകുന്നുണ്ടോയെന്ന് വിചിന്തനം ചെയ്യുവാൻ ഈ തിരുഹൃദയ മാസത്തിൽ നമുക്ക് പരിശ്രമിക്കാം. വിശുദ്ധരോടുള്ള അമിതമായ ഭക്തിയിൽ ഈശോയോടുള്ള സ്നേഹവും നന്ദിയും സമർപ്പണവും നമുക്ക് നഷ്ടപ്പെടുന്നില്ലേ? ദുഃഖവെള്ളിയാഴ്ചയിലെ പീഡാനുഭവ വായനക്കിടയിൽ ക്രൂശിത രൂപത്തിന്മേലുള്ള വിരി മാറ്റുമ്പോൾ "എന്റെ അന്തോണീസ് പുണ്യാളാ, എന്റെ കർത്താവിനെ രക്ഷിക്കണമേ" എന്ന ഒരു അമ്മാമ്മയുടെ പ്രാർത്ഥനയോടെയുള്ള കരച്ചിൽ താലന്ത് മാസികയിൽ വായിച്ചത് ഓർത്തുപോകുകയാണ്. കത്തോലിക്കാസഭ യേശുവിന്റെ തിരുഹൃദയ സ്തുതിക്കായി മാറ്റി വച്ചിട്ടുള്ള മാസാദ്യവെള്ളിയാഴ്ചകൾ ഇന്ന് പല ദൈവാലയങ്ങളിലും വിശുദ്ധരോടുള്ള വണക്കത്തിനായി മാറ്റിവെച്ചിരിക്കുന്നുവെന്നത് സഭാതനയരുടെ കണ്ണ് തുറപ്പിക്കേണ്ട വസ്തുതയല്ലേ? തിരുഹൃദയത്തിനായി പ്രതിഷ്ഠിച്ചിട്ടുള്ള ദൈവാലയത്തിൽ പോലും വിശുദ്ധരോടുള്ള ഭക്തിക്ക് കൂടുതൽ പ്രാധാന്യം നൽകി വിശ്വാസികളെ ആകർഷിക്കുന്ന അവസ്ഥയിലേക്ക് നാം എത്തി

നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടനാട്യക്കാരെ പോലെ ആകരുത്. (മത്താ. 6: 5).

ച്ചേർന്നിരിക്കുന്നു.

കാൽവരിയിലെ കുരിശിൽ മണ്ണിനും വിണ്ണിനും മദ്ധ്യേ കിടന്ന് രക്തം ചിന്തി പിടഞ്ഞു മരിച്ച് നമ്മെ രക്ഷിച്ച ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തിയാണ് എല്ലാ വിശുദ്ധരുടെയും ഹൃദയങ്ങളെ ജ്വലിപ്പിച്ചത്. ദൈവത്തിന് മനുഷ്യരോടുള്ള സ്നേഹത്തിന്റെ സമാഹാരമാണ് തിരുഹൃദയം. അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം (മത്തായി 11: 28, 29) എന്ന ഈശോയുടെ തിരുവചനത്തിൽ ശരണപ്പെട്ട് നമ്മുടെ ഹൃദയങ്ങളെ അവിടത്തെ തിരുഹൃദയത്തിൽ സമർപ്പിച്ച് അവിടുത്തെ ആരാധിക്കാം. വി. മാർഗരറ്റ് മേരി അലക്കോക്കിനെ പോലെ ശ്രേഷ്ഠമായ ഈ ഭക്തിയിൽ വളരാം. ഈ ഭക്തിയെ പ്രചരിപ്പിക്കാം. എവർക്കും തിരുഹൃദയ തിരുനാൾ മംഗളങ്ങൾ..

**പത്രാധിപസമിതി**

## വലിയ ഇടയന്റെ ശബ്ദം



എളിമ സകല പുണ്യങ്ങളിലേക്കുമുള്ള കവാടം:
**ഫ്രാൻസീസ് പാപ്പ**

ദുർഗുണങ്ങളിൽ ഏറ്റം മാരകമായ അഹങ്കാരത്തിന്റെ പ്രതിയോഗിയാണ് എളിമയെന്നും അത് സകല പുണ്യങ്ങളിലേക്കുമുള്ള കവാടമാണെന്നും ഫ്രാൻസീസ് പാപ്പ. എളിമയുടെ അഭാവമുള്ളിടത്ത് യുദ്ധവും അപസ്വരവും ഭിന്നിപ്പും ഇടംപിടിക്കുകയാണെന്നും വിനയമാണ് രക്ഷയിലേക്കുള്ള വഴിയെന്നും പാപ്പ പറഞ്ഞു. നാം എന്തായിരിക്കുന്നുവോ അതിനേക്കാൾ വലുതായി നമ്മെ അവതരിപ്പിച്ചുകൊണ്ട് അഹംഭാവം മാനവഹൃദയത്തെ വീർപ്പുമുട്ടിക്കുമ്പോൾ, വിനയമാകട്ടെ സകലത്തെയും ശരിയായ മാനത്തിലേക്ക് തിരികെ കൊണ്ടു വരുന്നുവെന്നും പാപ്പ വ്യക്തമാക്കി.

## ഇടയസ്വരം



ഈശോയുടെ തിരുഹൃദയത്തിൽ നിന്ന് ഞങ്ങൾക്ക് കാരുണ്യസ്രോതസ്സായി ഒഴുകിയിറങ്ങിയ തിരുജലമേ തിരുരക്തമേ ഞങ്ങളങ്ങയിൽ ശരണപ്പെടുന്നു എന്ന പ്രാർത്ഥന നമുക്ക് ഏറെ സുപരിചിതം. റോമാ 5:5 "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല, നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയ ങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു." ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹം തിരുരക്തത്തിലൂടെ ചൊരിയുന്നതിനായി വീണ്ടും തിരുന്നാൾ വന്നണഞ്ഞു.

യേശുവിന്റെ തിരുരക്തം വഴി നമുക്ക് മോചനം ലഭിക്കുന്നു. എല്ലാ വിധബന്ധനാവസ്ഥകളിൽ നിന്നും വിടുതൽ ലഭിക്കുന്നു. പാപത്തിന്റെ, ലഹരിയുടെ, കടബാധ്യതകളുടെ, ജഡികാസക്തികളുടെ, തഴക്ക ദോഷത്തിന്റെ, പ്രാർത്ഥനയില്ലാത്ത അവസ്ഥകളുടെ, സമാധാനം ഇല്ലാത്ത അവസ്ഥകളുടെ ദുഷ്ടശക്തിയിൽനിന്ന് നമുക്ക് മോചനം ലഭിക്കുന്നു. അതിനുവേണ്ടി ഒരുങ്ങി, വചനം വായിച്ച്, പ്രാർത്ഥിച്ച്, കുമ്പസാരിച്ച്, ദിവ്യകാരുണ്യം സ്വീകരിച്ച് സ്വതന്ത്രരാകണം. *"സത്യം നമ്മെ സ്വതന്ത്ര രാക്കും, അവിടുത്തെ വചനമാണ് സത്യം."* ഈശോ പറയുന്നു: *"അവരെ സത്യത്താൽ സ്വതന്ത്രരാക്കണമേ, വിശുദ്ധീകരിക്കണമേ."* എഫേ. 1:7; *"അവിടുത്തെ കൃപയുടെ രക്തം വഴി രക്ഷ കൈവന്നിരിക്കുന്നു."* പത്രോ. 1:18,19; *"നിങ്ങൾ വീണ്ടെടുക്കപ്പെട്ടത് സ്വർണ്ണത്താലോ വെള്ളിയാലോ അല്ല ക്രിസ്തുവിന്റെ അമൂല്യരക്തത്താലാണ്."* 1 കോറി. 6:19; *"നിങ്ങൾ വിലക്ക് വാങ്ങപ്പെട്ടവരാണ്."*



സ്നേഹിതരേ, യേശുവിന്റെ തിരുരക്തത്താൽ വിലയ്ക്കുവാങ്ങപ്പെട്ട നാം വീണ്ടും പാപം ചെയ്ത്

പാപത്തിന് അടിമയായിട്ടുണ്ട്. ഈ തിരുഹൃദയ തിരുന്നാളിൽ അടിമപ്പെട്ടുപോയ അവസ്ഥകളിൽ നിന്നും മോചനം തേടി ദേവാലയത്തിലേക്ക് കടന്നുവരാം. മക്കളെ തിരുഹൃദയസന്നിധിയിലേക്ക് പറഞ്ഞയയ്ക്കുക. നൊവേന ദിവസങ്ങളിലും, തിരുഹൃദയ ആഘോഷമായ ദിവ്യബലിയിലും, പ്രദക്ഷിണത്തിലും അഭിമാനത്തോടെ, സ്വാതന്ത്ര്യത്തോടെ നമുക്ക് പങ്കെടുക്കാം. ഈശോ അനുഗ്രഹിക്കട്ടെ.

*വികാരിയച്ചൻ*



## തിരുഹൃദയ അനുഗ്രഹ വെള്ളി ആചരണം

**(മാസാദ്യവെള്ളി ഒഴികെയുള്ള വെള്ളിയാഴ്ചകളിൽ)**

**5.45 am, 7.15 am, 6.00 pm** ലദീഞ്ഞ്, പാട്ടുകുർബാന, തിരുഹൃദയ നൊവേന.

**10.00 am** ലദീഞ്ഞ്, പാട്ടുകുർബാന, തിരുഹൃദയ സന്ദേശം, ആരാധന, പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ, തിരുഹൃദയ നൊവേന, ദിവ്യകാരുണ്യ പ്രദക്ഷിണം, ദിവ്യകാരുണ്യ ആശീർവ്വാദം, തുടർന്ന് നേർച്ചക്കഞ്ഞി വിതരണം.

തിരുഹൃദയ ഭക്തിയിൽ വളരാം, തിരുഹൃദയ ഭക്തിപ്രചരിപ്പിക്കാം.



## അഭിനന്ദനങ്ങൾ

ഒന്നു മുതൽ ACC വരെ 15 വർഷം വിശ്വാസപരിശീലന ക്ലാസുകൾക്ക് മുടങ്ങാതെ വന്ന കോക്കാടൻ സോമി - സ്മിത ദമ്പതികളുടെ മകൻ **സീയോൺ കെ. സോമി**ക്ക് വിശ്വാസപരിശീലന യൂണിറ്റിന്റെ അഭിനന്ദനങ്ങൾ !!



## കൊച്ചച്ചൻ സംസാരിക്കുന്നു

# തിരുഹൃദയത്തിന്റെ കൂട്ടുകാരി

**1647** ൽ ജൂലൈ 22-ാം തിയതി ഫ്രാൻസിലെ ലാൻന്റെക്കൂർ എന്ന സ്ഥലത്താണ് മാർഗരെറ്റ് ജനിച്ചത്. വളരെ ചെറുപ്പത്തിൽ തന്നെ വി. കുർബ്ബാനയോട് എന്തെന്നില്ലാത്ത സ്നേഹവും ഭക്തിയും അവൾ കാണിച്ചിരുന്നു. ഈശോയുടെ പീഡാനുഭവങ്ങളെ കുറിച്ചും, വി. കുർബ്ബാനയിലൂടെ ഈശോ അവളുടെ ഹൃദയത്തിലേയ്ക്കു വരുന്നതും ധ്യാനിച്ച് ശാന്തമായി, സ്വസ്ഥമായി കുറേ നേരം ഇരിക്കുന്നത് കുഞ്ഞു മാർഗരറ്റിന്റെ ഒരു പതിവ് ശീലമായിരുന്നു. അവൾക്ക് എട്ട് വയസ്സുള്ളപ്പോൾ അവളുടെ അപ്പച്ചൻ മരിച്ചു. പിന്നീട് വളരെ ദുരിത പൂർണ്ണമായ ജീവിതം അവൾക്ക് നയിക്കേണ്ടി വന്നു. ബന്ധുക്കൾ വളരെ ക്രൂരമായി പെരുമാറി. അവളും, അമ്മയും, നാലുസഹോദരങ്ങളും അടിമകളെപ്പോലെയാണ് പിന്നീട് ആ ഭവനത്തിൽ കഴിഞ്ഞത്. വി. കുർബ്ബാനയ്ക്ക് പോകാൻ വളരെയധികം ആഗ്രഹിച്ചിരുന്ന മാർഗരെറ്റിന് അതിനുള്ള അനുവാദം പോലും നിഷേധിക്കപ്പെട്ടു. കൗമാരത്തിലെത്തിയപ്പോൾ പാർട്ടികൾക്കും, നൃത്തത്തിനുമൊക്കെ പോകാൻ അവൾ നിർബന്ധിക്കപ്പെട്ടു. ഒരിക്കൽ ചമ്മട്ടിയടിയേറ്റ ശരീരത്തോടെ ഈശോ അവൾക്ക് പ്രത്യക്ഷപ്പെട്ടു. അവളുടെ ജീവിതശൈലി ഈശോയെ എത്രത്തോളം വേദനിപ്പിക്കുന്നു എന്ന് അവളെ കാണിച്ചു കൊടുത്തു. 24-ാമത്തെ വയസ്സിൽ അവൾക്കായി വിവാഹാലോചനകൾ നടന്നുകൊണ്ടിരിക്കേ... ഒരു കന്യാസ്ത്രീയായി, ഈശോയുടെ തിരുഹൃദയത്തിന്റെ സ്വന്തമാകണമെന്ന ആഗ്രഹത്തിൽ ഉറച്ച് നിന്ന് അവൾ വിസിറ്റേഷൻ സന്യാസിനീ സമൂഹത്തിൽ അംഗമായി ചേർന്നു. മഠത്തിൽ ചേർന്നാൽ ഒരു കാരണവശാലും വി. കുർബ്ബാന മുടങ്ങില്ലല്ലോ.... എന്ന ചിന്തയാണ് അതിന് അവളെ പ്രേരിപ്പിച്ചത്.

പിന്നീട്, തന്റെ തിരുഹൃദയത്തിന്റെ സ്നേഹം ലോകത്തിന് മുഴുവൻ കാണിച്ചുകൊടുക്കുന്ന തിരുഹൃദയ പ്രേഷിതയായി ഈശോ അവളെ ഉയർത്തി. ഒരിക്കൽ പരി. കുർബ്ബാനയുടെ തിരുന്നാൾ ദിവസം ഈശോ അവൾക്കു പ്രത്യക്ഷപ്പെട്ട് തന്റെ തിരുഹൃദയം കാണിച്ചുകൊടുത്ത് കൊണ്ട് പറഞ്ഞു: "മനുഷ്യമക്കളോടുള്ള സ്നേഹത്താൽ തുടിക്കുന്ന

എന്റെ ഹൃദയം കണ്ടാലും, ഞാൻ മനുഷ്യനെ എത്രയധികമായി സ്നേഹിക്കുന്നു. എന്നാൽ അവർക്ക് എന്നോടുള്ള സ്നേഹം എത്രയോ തുച്ഛമാണ്." തിരുഹൃദയ ഭക്തി പ്രചരിപ്പിക്കണമെന്നും, തിരുഹൃദയ തിരുന്നാൾ ആചരിക്കണമെന്നും അങ്ങിനെ തിരുഹൃദയത്തിന്റെ സ്നേഹവും സംരക്ഷണവും ലോകമെങ്ങും അറിയിക്കണമെന്നും ഈശോ അവളോട് ആവശ്യപ്പെട്ടു.

ഈ തിരുഹൃദയത്തിന്റെ കൂട്ടുകാരിയാണ് തിരുഹൃദയഭക്തി ലോകമെങ്ങും പ്രചരിപ്പിച്ചത്. 1610 ഓഗസ്റ്റ് 17 ന് അവൾ ഈ ലോകത്തു നിന്നും ഈശോയോടൊപ്പം സ്വർഗ്ഗത്തിലേയ്ക്ക് യാത്ര തിരിച്ചു. 1920 ൽ സി. മാർഗരറ്റ് മേരി അലക്കോക്ക് വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടു.

പ്രിയ കൂട്ടുക്കാരെ, വി. കുർബ്ബാനയോട് കുഞ്ഞു മാർഗരെറ്റിന് ഉണ്ടായിരുന്ന അതിയായ സ്നേഹമാണ്, അവളെ ഒരു വിശുദ്ധയാക്കിയത്. നമ്മൾ ആചരിക്കുന്ന തിരുഹൃദയ തിരുന്നാളിന്റെ തുടക്കം എങ്ങനെയാണെന്ന് മനസ്സിലായില്ലേ? നമ്മളെയും തിരുഹൃദയ ഭക്തിയിൽ വളർത്തണമെയെന്ന് വിശുദ്ധയോട് നമുക്ക് പ്രാർത്ഥിക്കാം; ഒപ്പം ഒരിക്കലും വി. കുർബ്ബാന മുടക്കില്ലെന്ന തീരുമാനവും നമുക്ക് എടുക്കാം.

*എല്ലാവർക്കും തിരുനാളിന്റെ മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ നേരുന്നു.*

*എന്ന് സ്നേഹം നിറഞ്ഞ*
***ജിന്റോ അച്ചൻ***

**രചനകൾ 10-ാം തിയതിക്കു മുമ്പും, പരസ്യങ്ങൾ 20-ാം തിയതിക്കു മുമ്പും നൽകി സഹകരിക്കുവാൻ ശ്രദ്ധിക്കുക**

## തിരുഹൃദയനാദം – പരസ്യ നിരക്ക് 2020 ഏപ്രിൽ മുതൽ

| | |
|---|---|
| **Black & White** | |
| Quarter Page | Rs. 300 |
| Catechism Students | Rs. 150 |
| Half Page | Rs. 400 |
| Full Page | Rs. 600 |
| **Multi Colour** | |
| Centre page | Rs.2,700 |
| Front Inner | Rs.2,000 |
| Back Inner | Rs.1,600 |
| Back Page | Rs.2,500 |
| Inner Page | Rs.1,300 |



# തിരുഹൃദയനാഥന് നന്ദി....

1. ഈശോയുടെ തിരുഹൃദയത്തോട് പ്രാർത്ഥിച്ചതിന്റെ ഫലമായി 18 വർഷമായി വാടകയ്ക്ക് താമസിച്ചിരുന്ന ഞങ്ങൾക്ക് വീടും സ്ഥലവും വാങ്ങാൻ അനുഗ്രഹിച്ചതിന് നന്ദി പറഞ്ഞുകൊണ്ട് – **മഞ്ജു വല്ലച്ചിറ**
2. തിരുഹൃദയനാഥനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ജോലി നൽകി അനുഗ്രഹിച്ചതിന് നന്ദി പറഞ്ഞുകൊണ്ട് – **രേഖ ജോസഫ്, ജോയ്സി**
3. ഉന്നതവിജയം ലഭിച്ചതിന് ഈശോയുടെ തിരുഹൃദയത്തോട് നന്ദി പറഞ്ഞുകൊണ്ട് – **ജൂലി, അഭിൽ ജീസ്, റീഷ്മ റോയ് മുരിയാട്, മരിയ റോസല്ല, അൽജോ, ആൻവർഗ്ഗീസ്, അന്ന**
4. രോഗസൗഖ്യം ലഭിച്ചതിന് ഈശോയുടെ തിരുഹൃദയത്തോട് നന്ദി പറഞ്ഞുകൊണ്ട് – **സന്ധ്യ, മേരി, ജോസ്, മരിയ, ജോൺ, ആനി റാഫേൽ**
5. ഈശോയുടെ തിരുഹൃദയസന്നിധിയിൽ മാസാദ്യവെള്ളിയാഴ്ച മുടങ്ങാതെ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി വിസ ലഭിച്ചതിന് നന്ദി പറഞ്ഞുകൊണ്ട് – **നിഷ, ജോജു**
6. കുടുംബം മുഴുവൻ ധ്യാനം കൂടുവാൻ അനുഗ്രഹിച്ചതിന് ഈശോയുടെ തിരുഹൃദയത്തോടും മാതാവിനോടും നന്ദി പറഞ്ഞുകൊണ്ട് – **ജോസും കുടുംബവും**
7. വീടുപണി പൂർത്തിയാക്കുവാൻ പഞ്ചാ യത്തിൽ നിന്നും പൈസ ലഭിച്ചതിന് തിരുഹൃദയനാഥന് നന്ദി പറഞ്ഞുകൊണ്ട് – **ശോഭന മണ്ണംപേട്ട**
8. ഈശോയുടെ തിരുഹൃദയത്തോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ആഗ്രഹിച്ച വാഹനം വാങ്ങാൻ സാധിച്ചതിന് നന്ദി പറഞ്ഞുകൊണ്ട് പറഞ്ഞുകൊണ്ട് – **ബിന്ദു തങ്കച്ചൻ**
9. തിരുഹൃദയനാഥന്റെ അനുഗ്രഹത്താൽ മകളുടെ വിവാഹം ഭംഗിയായി നടത്തിതന്ന തിന് നന്ദി പറഞ്ഞുകൊണ്ട് – **ഷൈനി ടോണി പെരിഞ്ചേരി**
10. തിരുഹൃദയനാഥന്റെ അനുഗ്രഹത്താൽ സിംഗപ്പൂർ യാത്ര സുഖപ്രദമാക്കി തന്നതിന് കോടാനുകോടി നന്ദി പറഞ്ഞുകൊണ്ട് – **ട്രീസയും കിരൺ കുടുംബവും**



നല്ല ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി തീയിലെറിയപ്പെടും. (മത്താ. 7 :19)

# *Greetings*

## HAPPY BIRTHDAY

ജൂൺ മാസത്തിൽ ജന്മദിനം ആഘോ
ഷിക്കുന്ന നമ്മുടെ ഇടവകയിലെ സമർപ്പിതർ



ഫാ. സാവിയോ
തലോണിക്കര
18/06



സി. നെസി ജീസ്
16/06



സി. ടെസ്ന
ഗ്രെയ്സ്
30/06

## HAPPY FEAST

ജൂൺ മാസത്തിൽ നാമഹേതുക തിരുന്നാൾ
ആഘോഷിക്കുന്ന നമ്മുടെ ഇടവകയിലെ സമർപ്പിതർ



ഫാ. പോൾസൺ
മുത്തിപീടിക
29/06



ബ്രദർ ഏഗൽ
ക്രിസ്റ്റോ
വെട്ടിയാട്ടിൽ
29/06



ഫാ. ലെനിൻ
പെല്ലിശ്ശേരി
13/06

ഞാൻ വന്നത് നീതിമാന്മാരെ വിളിക്കാനല്ല പാപികളെ വിളിക്കാനാണ്. (മത്താ. 10.13)

കവിത

## വി. മറിയം ത്രേസ്യാമ്മ



കേരളമണ്ണിൽ വിടർന്നൊരു വിശുദ്ധേ!
പുത്തൻചിറയുടെ പൊന്നോമന പുത്രി.
തിരുകുടുംബസഭയിലെ കർമ്മധീരേ!
പ്രാർത്ഥിക്കേണമെ ഞങ്ങൾക്കായി നീ.
കുടുംബങ്ങളുടെ പ്രേഷിതയാം
വിശുദ്ധ നീ,
കേരളസഭയുടെ അഭിമാന പുത്രി
കർമ്മത്തിൽ നിൻ പാത പിൻതുടരാൻ,
കരുണയേകണമെ ഞങ്ങൾക്കായി നീ.
തിരുകുടുംബ സഭയുടെ സ്ഥാപക നീ
താതനാം യേശുവിൻ പ്രിയ മണവാട്ടി
തിരുസഭ തൻ വിശ്വാസത്തിൽ അടിത്തറ കുടുംബമെന്ന്
തീരുമാനത്തിൽ ഉറച്ചു നിന്നവൾ നീ
വിശ്വാസത്തിൻ വാടാമലരായി ജീവിച്ചവൾ നീ
വിശുദ്ധ പദവി നൽകി സഭ ആദരിച്ചവളും നീ
വിണ്ണിൻ നാഥനെ മുഖാമുഖം ദർശിച്ചവളെ,
വരമീ ഞങ്ങൾക്കു ഏകണമെ എന്നും

**മേരി ജോസഫ്, വീരമ്പുള്ളി**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്



## ഉപകാരസ്മരണ

ഈശോയുടെ തിരുഹൃദയത്തിന്റെയും വി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെയും വി. യൂദാശ്ലീഹയുടെയും മാദ്ധ്യസ്ഥതയാലും ഉദ്ദിഷ്ടകാര്യം സാധിച്ചു തന്നതിന് ഒരായിരം നന്ദി പറയുന്നു.

**ഒരു വിശ്വാസി**

# മഴ എന്റെ മനസ്സിൽ

അവധിക്കാലത്തിന്റെ ആരവങ്ങൾക്ക് ഇനി വിട. രണ്ടുമാസത്തെ ചുട്ടുപൊള്ളുന്ന വേനലിന് ഒരാശ്വാസമായി വേനൽമഴ ചാറി ചാറി വരുന്നു. മഴക്കാലം എന്നത് പണ്ടുകാലത്തെ കുട്ടികൾക്ക് കളിവഞ്ചി ഉണ്ടാക്കുന്നതിനും തോട്ടിൽനിന്നും മീൻപിടിക്കുന്നതുമാണ്. മഴ അത് ഒരു അനുഭൂതിയാണ്. ചെറിയ കുട്ടി മുതൽ പ്രായമായവർ വരെ മനസ്സുതുറന്ന് ആസ്വദിക്കുന്നതുമാണ്. മഴ പെയ്യുന്നത് ശ്രദ്ധിച്ചാൽ അതിൽ നമുക്ക് സംഗീതം ഉള്ളതായി തോന്നും. മഴയ്ക്ക് അതുപോലെ പല ഭാവങ്ങൾ ഉള്ളതായും തോന്നും.

മഴക്കാലത്ത് മാവിൻചുവട്ടിൽ ആകെ ബഹളമാണ്. അത് മാമ്പഴം പെറുക്കാനുള്ള ബഹളമാണ്. മഴയ്ക്കൊപ്പം അകമ്പടിയായി എത്തുന്ന കാറ്റിൽ വീഴുന്ന ചുവന്നുതുടുത്ത മാമ്പഴങ്ങൾ പെറുക്കാനുള്ള ഓട്ടം. അതെല്ലാം ആർക്കും മറക്കാൻ സാധിക്കുകയില്ല. അതുപോലെതന്നെ മഴ പെയ്യുമ്പോൾ അമ്മ കാണാതെ മഴയത്ത് ഇറങ്ങി നിന്ന് കളിക്കുന്നതും എന്റെ ഓർമ്മയിൽ ഒളിമങ്ങാതെ നിൽക്കുന്ന ഒരു ഓർമ്മയാണ്. വീടിന്റെ ചാരുപടിയിൽ ഇരുന്ന് മഴപെയ്യുന്നതും നോക്കി ഇരുന്നിരുന്ന കാലം. മഴയ്ക്കു മുമ്പേ എത്തുന്ന ഒരു നിമിഷത്തെ ആയുസ് മാത്രം ബാക്കിയുള്ള ഈയാംപാറ്റകൾ, അവയെ ഭക്ഷിക്കാനെത്തുന്ന കിളികൾ ഇതെല്ലാം മഴക്കാലത്തെ ഓരോ കാഴ്ചകളാണ്. സ്കൂൾ വിടുമ്പോൾ ഉള്ള മഴ ഞാൻ ശരിക്കും ആസ്വദിച്ചിരുന്നു. പുതിയതായി വാങ്ങിയ കുട അത് നനയ്ക്കാനുള്ള അവസരമാണ്. കൂട്ടുകാരുടെ മുന്നിൽ ഷൈൻ ചെയ്യാനുള്ള ഒരു ചാൻസ് കൂടിയാണ്.

വീടിന്റെ ഉമ്മറത്തെ ചാരുപടിയിൽ ഇരുന്ന് മഴ ആസ്വദിച്ചപ്പോൾ കുട്ടിക്കാലത്തെ പല ഓർമ്മകളും മിന്നിമറഞ്ഞുപോയി. മഴ ശ്രദ്ധിച്ചിരുന്നാൽ മഴയുടെ സംഗീതം ശ്രവിക്കാനാവും. എന്തുകൊണ്ടും മനസ്സിനും ശരീരത്തിനും ഒരു ഉണർവ് നൽകുന്നതാണ് നമ്മുടെ മഴക്കാലം. മഴക്കാലത്തെ കളികളായ കവിടി, നൂറാംകോൽ, ചീട്ട് എന്നിവയെല്ലാം ഇന്ന് പൊയ്പോയ്ക്കൊണ്ടിരിക്കുന്നു. എന്നിരുന്നാലും ഒരു മഴ പെയ്താൽ നമ്മൾ വീണ്ടും വീണ്ടും മഴയത്തിറങ്ങി നിന്ന് മഴക്കൊള്ളും. അതിനൊരു മാറ്റമില്ല. അതാണ് മഴ.

**അൻവിദ വർഗ്ഗീസ്, Std. X. B**
സെന്റ് മദർ തെരേസ യൂണിറ്റ്

**ആരോഗ്യവേദി**



# പഠനപിന്നോക്കാവസ്ഥ
## അഥവാ
# സ്ക്കോളാസ്റ്റിക് ബാക്ക്‌വേഡ്നെസ്സ്

“എന്റെ കുഞ്ഞല്ല പ്രശ്നം എന്റെ കുഞ്ഞിനാണ് പ്രശ്നം.” നമ്മൾ മാതാപിതാക്കൾ ഓരോരുത്തരും അറിഞ്ഞിരിക്കേണ്ട ഒരു പ്രധാന വസ്തുതയാണ് ഇത്. ഒരു കുട്ടി എങ്ങിനെയാണ് പഠനപിന്നോക്കാവസ്ഥയിലേക്ക് എത്തിച്ചേരുന്നത്. ഇതിന്റെ പ്രധാന ഘടകങ്ങളാണ് കുട്ടിയിലെ പ്രശ്നങ്ങൾ, കുടുംബം, വിദ്യാലയം, സമൂഹം. ഈ നാല് ഘടകങ്ങളിലൂടെയാണ് കുട്ടി പഠനപിന്നോക്കാവസ്ഥയിലേക്ക് എത്തുന്നത്. 30% ത്തോളം വരുന്ന പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികളിലെ 10% ത്തോളം വരുന്ന പഠന വൈകല്യമുള്ള കുട്ടികൾ സ്കൂളിൽനിന്നും കൊഴിഞ്ഞു പോകുന്നില്ല. അദ്ധ്യാപകരുടേയും സഹപാഠികളുടെയും മാതാപിതാക്കളുടെയും സമ്മർദ്ദവും ശകാരങ്ങളും ശിക്ഷണ നടപടികളും അവഹേളനങ്ങളും ഏറ്റുവാങ്ങി കൊണ്ട് ഈ കുട്ടികൾ സ്കൂളിൽ തന്നെ തുടരുന്നു. ഇതിനിടയിൽ ചില കുട്ടികളെങ്കിലും മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും അർത്ഥപൂർണ്ണവും സന്ദർഭോചിതവുമായ ഇടപ്പെടലുകൾ കൊണ്ട് ഈ പ്രശ്നത്തിന്റെ തീവ്രതയെ അതിജീവിക്കുന്നുമുണ്ട്. എന്നാൽ ഭൂരിഭാഗം കുട്ടികളും പഠനവൈകല്യത്തിന്റെ രണ്ടാംഘട്ടത്തിലേക്ക് പ്രവേശിക്കുന്നതായി കാണാം. പഠനപിന്നോക്കാവസ്ഥയിലുള്ള ഒരു കുട്ടി പഠനവൈകല്യങ്ങളിലേക്ക് എത്തിച്ചേരുന്നത് പല ഘട്ടങ്ങളിലൂടെയാണ്. ഒന്നാമത്തെ ഘട്ടം എന്ന് പറയുന്നത് പഠനത്തിലും അനുബന്ധ പ്രവർത്തനങ്ങളിലുമുള്ള ബുദ്ധിമുട്ടാണ്. അതായത് ബെയ്സിക് ആയിട്ടുള്ള കാര്യങ്ങളിലുള്ള ബുദ്ധിമുട്ട്. എഴുതാനും വായിക്കാനുമുള്ള ബുദ്ധിമുട്ട്, കണക്കുകൂട്ടുന്നതിനുള്ള ബുദ്ധിമുട്ട് എന്നിവയാണ് ഇത്തരം ബുദ്ധിമുട്ടുകൾ. തക്കതായ സമയത്ത് പരിഹരിച്ചിട്ടില്ലെങ്കിൽ രണ്ടാംഘട്ടത്തിലേക്ക് കടക്കുന്നതായി കാണാം. രണ്ടാംഘട്ടം എന്ന് പറയുന്നത് ശാരീരിക മാനസിക പ്രശ്ന

ങ്ങൾ പെരുമാറ്റ വൈകല്യങ്ങൾ (behavioural disorder), വൈകാരിക–വ്യക്തിത്വ പ്രശ്നങ്ങൾ (emotonal and personality disorder) എന്നൊക്കെയുള്ള അവസ്ഥയിലേക്ക് കുഞ്ഞിനെ നയിക്കുന്നതായി കാണാം. ഇവിടെയും സന്ദർഭോചിതമായ ഇടപെടലുകൾ കിട്ടിയിട്ടില്ലെങ്കിൽ കുട്ടി അതിതീവ്രമായ മൂന്നാംഘട്ടത്തിലേക്ക് പ്രവേശിക്കുന്നതായി കാണാം. മൂന്നാംഘട്ടം എന്ന് പറയുന്നത്, രണ്ടാംഘട്ടത്തിലും ഈ വിഷമതകൾ അംഗീകരിക്കപ്പെടാതിരിക്കുകയോ അടിച്ചമർത്തപ്പെടുകയോ ചെയ്യുമ്പോൾ ഇത് മൂന്നാംഘട്ടത്തിലേക്ക് പ്രവേശിക്കുന്നു. ഇത് പലപ്പോഴും തീവ്രമായ വിഷാദ–മനോരോഗ അവസ്ഥകളിലേക്കും കുറ്റവാസനകളിലേക്കും കുട്ടിയെ എത്തിച്ചേക്കാം. ഇതിന് നമുക്ക് ചെയ്യാൻ കഴിയുന്നത് ഒരു കുട്ടിയിലെ പഠനവിഷമതകൾ അത് പഠനപിന്നോക്കാവസ്ഥയാണോ പഠനവൈകല്യമാണോ എന്ന് എത്രയും നേരത്തേ തിരിച്ചറിയുക എന്നുള്ളതാണ്. ഇത് ഒന്നാംഘട്ടത്തിൽ തിരിച്ചറിഞ്ഞാൽ നന്നായിരിക്കും.

നമ്മുടെ ബുദ്ധിയും മനസ്സും ശരീരവും ഒത്തുചേർന്നിട്ടുള്ള ഒരു ലയത്തിലും താളത്തിലും ആണ് പഠനം നടക്കുന്നത്. പഠനത്തിന്റെ കാര്യത്തിൽ ഒരുപക്ഷേ ശാരീരികക്ഷമതയേക്കാൾ കൂടുതൽ പ്രാധാന്യം മാനസികക്ഷമതയ്ക്ക് ഉണ്ട്. മനഃശാസ്ത്രപരമായി ഒരു കുഞ്ഞിനുണ്ടാകുന്ന പ്രശ്നങ്ങളെ പരിഹരിക്കാതെ ഒരു കുഞ്ഞിന്റെ പഠനക്ഷമത ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുകയില്ല. ഒരു കുഞ്ഞും മടിയനല്ല, മടി ഒരു ലക്ഷണം മാത്രം, പ്രശ്നം കണ്ടെത്തുകയാണ് പ്രധാനം. ചിലപ്പോൾ അവർ പഠിക്കാൻ ശ്രമിക്കും പക്ഷേ, പറ്റുന്നുണ്ടാവില്ല. അതിന്റെ കൂടെ ചീത്തയും അടിയും കൂടി കിട്ടുമ്പോൾ പഠിക്കാൻ ഇരിക്കുന്ന ആ സാഹചര്യത്തിനോടും പഠനത്തിനോടുതന്നെയും ഇഷ്ടമില്ലാത്ത അവസ്ഥയിലേക്ക് മാറുന്നു. ഇത് മിക്കവാറും സംഭവിക്കുന്നത് തലച്ചോറിന്റെ ചില ഭാഗങ്ങളിൽ വളർച്ചക്കുറവ് ഉണ്ടാകുന്നത് കൊണ്ടും ഇടത്തും വലത്തും ഭാഗങ്ങളിൽ ഏകോപനം ഇല്ലാത്തതുകൊണ്ടും ഒക്കെയാകാം. ഇതിന് ശരിയായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തിയാൽ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ഏതൊരു കുഞ്ഞിനേയും പോലെ പഠനവൈകല്യമുള്ള കുഞ്ഞുങ്ങൾക്കും സ്വപ്നം കാണാം. അതിൽ കുറവു വരുത്തേണ്ടതില്ല, സാക്ഷാത്ക്കാരവും സാധ്യമാണ്.

**ഡോ. റിനി യൂജിൻ,**
സെന്റ് സേവ്യർ യൂണിറ്റ്
Mob: 9495739194

കവിത

# ആരോരുമറിയാതെ

മനുഷ്യഗണമന്ധകാര നിബിഡം
പാപബോധ്യമില്ലാ തലമുറയായി
സ്നേഹ തിരസ്കരണ ജ്വര ബാധയായ്
സ്വാർത്ഥതയിൽ മുങ്ങിയഴുകി തീരുന്നു
പണ്ടന്ന് യാക്കോബിൻ തലമുറകളിൽ
പാപം വളർന്നന്ധകാരം നിറഞ്ഞപ്പോൾ
പ്രവാചക വചനം നിരസിച്ചപ്പോൾ
സോദോം ഗോമോറപോലനവധി നാശം
വന്നു ഭവിച്ചു നരരേറെ മൃതിയായ്
മരുവിൽ സർപ്പദംശനമേറ്റേറെ പേർ
ദൈവകോപത്തിനിരയായി മരിച്ചു
ഇപ്പഴും തഥൈവ മർത്യർ തൻ ജീവിതം
അതിരറ്റ കരുണയാലീയുലകം
ദൈവമിന്ന് സംരക്ഷിക്കുന്നൂ നിശ്ചയം.
എങ്കിലുമീശന്റെ ക്ഷമ പരീക്ഷിക്കാൻ
തുനിയും നരഗണമെ ചിന്തിക്കുക.
എത്രനാൾ നിങ്ങളിങ്ങനെ വിലസീടും
ആരോരുമറിയാതെ ഞൊടിയിടയിൽ
ഭീകരനാശമായ് വന്നു ഭവിച്ചീടും
വിശുദ്ധഗ്രന്ഥ വചന നിവൃത്തികൾ
നിറവേറുമെന്നതിൽ സംശയം വേണ്ട
ദൈവം രക്ഷാമാർഗ്ഗമരുളിയിട്ടുണ്ട്
പശ്ചാത്തപിച്ച് പിതാവിൽ ലയിക്കുവിൻ
സമ്പൂർണ്ണ സമർപ്പണത്താൽ രക്ഷ നേടുവിൻ.
അതിരില്ലാ സ്നേഹവാരിധി പിതാവ്
നാം തൻ മോചനം കാത്തിരിക്കുന്ന നാഥൻ.
ലോകസുഖങ്ങളെ തഴഞ്ഞുണരുക
തിരുവചനത്തിനു ജീവൻ നൽകുക
അനുതാപ കണ്ണീരൊഴുക്കി മനങ്ങൾ
സന്നിധി പൂകൂ; അപരാധം ക്ഷമിക്കും.

**ഫ്രാൻസീസ് മുത്തിപ്പീടിക,** സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

കർത്താവേ, അങ്ങാണ് എന്റെ രക്ഷാകവചവും എന്റെ മഹത്വവും. (സങ്കീ. 3:3)

ലേഖനം

# ലഹരി ആസക്തി കുട്ടികളിൽ

അരുതെന്ന് പറയുന്നതെന്തും അറിയാനുള്ള കൗതുകം സിരകളിൽ നിറയുന്ന പ്രായമാണ് ബാല്യകൗമാരങ്ങൾ. മണ്ണപ്പവും പാവകളിയും ഡോറയും ബുജിയും ടോമും ജെറിയും എല്ലാം വിട്ടെറിഞ്ഞ് ശൈശവത്തിന്റെ നൈർമ്മല്യതകളെ വെടിഞ്ഞ്, ജീവിതം എന്തെന്നറിയാനുള്ള അന്വേഷണത്തിന്റെ ആരംഭത്തിലാണവരിപ്പോൾ. തനിക്കു മുന്നിലുള്ള ഒരുപാട് കാര്യങ്ങളിൽ നിന്ന് തന്റേതേതാണെന്ന് തെരഞ്ഞെടുക്കാൻ കൃത്യമായി അറിയാതെ മിഴിച്ചു നിൽക്കുന്ന സമയം. ബാല്യത്തിൽനിന്ന് കൗമാരം ജനിക്കുമ്പോൾ ഈ അവസ്ഥ അതിന്റെ പാരമ്യത്തിലെത്തുന്നു. കുട്ടിയായും മുതിർന്നവനായും ആരും പരിഗണിക്കാത്തപ്പോൾ സ്വയം രണ്ടിലേതെങ്കിലുമൊന്നായി സങ്കല്പിച്ചുകൊണ്ട് സ്വാതന്ത്ര്യം തേടാൻ ഭാവിക്കുകയാണ് കൗമാരത്തിൽ ഓരോരുത്തരും. പക്ഷേ, ഈ അവസ്ഥയിൽ കുട്ടികൾക്കു പറ്റുന്ന ഓരോ നിസ്സാരമായ പിഴവും പിന്നീട് വൻപിഴ നൽകേണ്ട തെറ്റുകളുമായി ജീവിതത്തെ പിന്തുടരും. അതിൽ പ്രധാനി ലഹരി തന്നെയാണ്.

ഉപയോഗിക്കാൻ അതിശക്തമായി പ്രേരിപ്പിക്കുകയും ഉപയോഗിച്ചാൽ ആസക്തി ജനിപ്പിക്കുകയും ചെയ്യുന്ന സുന്ദരമായൊരു ചുഴിയാണ് ലഹരി. അതിന്റെ വശ്യമായ തിരമാലകൾ വർണ്ണവൈവിധ്യങ്ങൾ, ജീവിതത്തിന്റെ തീരങ്ങളിൽ പിച്ചവയ്ക്കുന്നവരെ പ്രയാസം കൂടാതെ ആകർഷിക്കുകയും പിന്നീട് അതിന്റെ ആഴമുള്ള തിരിച്ചുവരവില്ലാത്ത അകങ്ങളിലേക്കു വലിച്ചു കൊണ്ടുപോകുകയും ചെയ്യുന്നു. ദൃശ്യമാധ്യമങ്ങളിലെ ലഹരി വസ്തു ഉപയോഗത്തിന്റെ അതിപ്രസരവും അതുപയോഗിക്കുമ്പോൾ ലഭിക്കുന്ന സൂപ്പർ ശക്തികളെക്കുറിച്ച് കുട്ടികളിൽ നിലനിൽക്കുന്ന തെറ്റായ ധാരണകളും മുതിർന്നവരുടെ ഉപയോഗത്തിൽ നിന്ന് കൗതുകം ജനിക്കുന്നതുമൊക്കെയാണ് ലഹരി ഉപയോഗം തുടങ്ങുവാനുള്ള കാരണങ്ങൾ. എന്നാൽ ഉപയോഗിച്ചു തുടങ്ങിയാൽ നിർത്താനാകാത്ത, തടയാനാകാത്ത ഒരു ശക്തി അവരെ അതിലേക്കു വലിക്കുന്നു. കൗമാരവികാരങ്ങൾ ബുദ്ധിയെ കീഴടക്കുന്ന പ്രായത്തിൽ ഇത്തരം വസ്തുക്കളുടെ നൈമിഷിക സുഖം അവരെ താരാട്ടിയുറക്കുന്നു. അത് നാളെ തിരിച്ചുവരവില്ലാത്ത ഒരു ഉറക്കത്തിനാണെന്ന് അവരറിയുന്നില്ല.

ആദ്യകാലങ്ങളിൽ മുതിർന്നവർ ഉപയോഗിക്കുന്ന വസ്തുക്കൾ മോഷ്ടിച്ച് ഉപയോഗിച്ചിരുന്നെങ്കിൽ ഇന്ന് കൗമാരക്കാരായ വിദ്യാർത്ഥി–

വിദ്യാർത്ഥിനികളെ ലക്ഷ്യം വയ്ക്കുന്ന മാഫിയാ സംഘങ്ങൾ തന്നെ കുട്ടികളുടെ ലഹരി ഉപയോഗത്തിനു പിന്നിലുണ്ട്. ആദ്യം പാൻപരാഗ്, സിറിഞ്ച്, മിഠായി, ഐസ്ക്രീം എന്നിവ വിറ്റഴിച്ചുകൊണ്ടിരുന്നു. ഇന്നവ പുകയിലയായും കഞ്ചാവായും മദ്യമായും സ്റ്റാമ്പായും എം.ഡി.എം. ആയും പൊതു ഇടങ്ങളിൽ കുട്ടികൾക്ക് ലഭിക്കുന്നു.

കേരളത്തിന്റെ കണക്കുകൾ എടുക്കുകയാണെങ്കിൽ 5 മുതൽ 18 വയസ്സിനിടയിലുള്ളവരിൽ 74% ലഹരി ഉപയോഗിക്കുന്നു. കേരളത്തെപ്പോലെ ഒരു പ്രബുദ്ധ സമൂഹത്തെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ നാണക്കേടാണ്. പാൻമസാലകൾ നിരോധിച്ചിട്ടും അത് സ്കൂളുകളുടെ പരിസരത്ത് വിൽക്കുന്നവരെ ഇടയ്ക്കിടെ പോലീസ് അറസ്റ്റ് ചെയ്യുന്ന വാർത്തകൾ നാം ദൃശ്യ, പത്ര മാധ്യമങ്ങളിൽ കാണുന്നുണ്ട്. കുട്ടികളിലെ അമിത ലഹരി ഉപയോഗം നാമൊരു പ്രശ്നമായി ചർച്ച ചെയ്യുമ്പോൾ അത് എവിടെ നിന്ന് അവർക്കു ലഭിക്കുന്നുവെന്നും ആ വഴികൾ എങ്ങനെ അടയ്ക്കാമെന്നുമാണ് ആദ്യം ആലോചിക്കേണ്ടത്.

ബോധവത്ക്കരണത്തിന് കുറവില്ലെങ്കിലും എന്തുകൊണ്ട് അപകടങ്ങളിലേക്കു നമ്മുടെ കുട്ടികൾ എടുത്തു ചാടുന്നു? അതൊരിക്കലും അവരുടെ മാത്രം തീരുമാനമല്ല. അതിലേക്കവരെ തള്ളിവിടുന്ന കാരണങ്ങളെ നാം വേരോടെ പിഴുതെറിയണം. അതിന് ഇനി ബോധവത്ക്കരണത്തിനപ്പുറം കഠിനവും പ്രായോഗികവുമായ നടപടികളാണ് എല്ലാ ഭരണാധികാരികളും കൈക്കൊള്ളേണ്ടത്. നമുക്കു വേണ്ടത് ആസക്തിയുടെ ആലസ്യത്തിലുറങ്ങുന്ന കൗമാരമല്ല. യുവത്വത്തെ വരവേൽക്കാൻ ചുറുചുറുക്കോടെ കൈക്കോർത്ത് നിൽക്കുന്നവരെയാണ്.

**പ്രിൻസൺ പുത്തിരി**
തിരുഹൃദയം യൂണിറ്റ്

## വിശുദ്ധരുടെ വചസ്സുകൾ



"ദൈവം മനുഷ്യരെ പൂർണ്ണമായി സ്നേഹിക്കുന്നതു കൊണ്ടു മനുഷ്യൻ തന്റെ അയൽക്കാരനെ പരിപൂർണ്ണമായി സ്നേഹിക്കണം."

**വി. വിൻസന്റ് പള്ളോട്ടി**

അടുക്കള നുറുങ്ങുകൾ

# ഫിഷ് മോളി

| | | |
|---|---|---|
| 1. | മീൻ (കരിമീൻ, നെയ്മീൻ) | – 1/2 കിലോ |
| 2. | തക്കാളി, സവാള അരിഞ്ഞത് | – 1 എണ്ണം |
| 3. | സവാള അരിഞ്ഞത് | – 1/4 കപ്പ് |
| 4. | പച്ചമുളക് രണ്ടായി പിളർന്നത് | – 8 എണ്ണം |
| 5. | ഇഞ്ചി നീളത്തിൽ അരിഞ്ഞത് | – 1 ടീസ്പൂൺ1 |
| 6. | തേങ്ങാപ്പാൽ ഒന്നാം പാൽ | – 1/2 കപ്പ് |
| 7. | തേങ്ങാപ്പാൽ രണ്ടാം പാൽ | – 1 1/2 കപ്പ് |
| 8. | വിനാഗിരി | – 1 ടേബിൾ സ്പൂൺ |
| 9. | മഞ്ഞൾപ്പൊടി | – 1/2 ടീസ്പൂൺ |
| 10. | കുരുമുളകുപൊടി | – 1/2 ടീസ്പൂൺ |
| 11. | ഗ്രാമ്പൂ | – 4 എണ്ണം |
| 12. | കറുവാപ്പട്ട ചെറുത് | – 2 കഷ്ണം |
| 13. | കറിവേപ്പില | – ആവശ്യത്തിന് |
| 14. | ഉപ്പ് | – ആവശ്യത്തിന് |
| 15. | മൈദ | – 100 ഗ്രാം |

## പാകം ചെയ്യുന്ന വിധം

മീൻ കഴുകി വൃത്തിയാക്കി പാകത്തിനുള്ള കഷണങ്ങളാക്കി മുറിക്കണം. ഇതിൽ ഒരു നുള്ള് മഞ്ഞൾപൊടിയും 1/4 ടീസ്പൂൺ കുരുമുളകുപൊടിയും ഉപ്പും പുരട്ടി അല്പനേരം വയ്ക്കണം. പിന്നീട് ചീനച്ചട്ടിയിലോ ഫ്രൈയിംഗ് പാനിലോ എണ്ണ ചൂടാക്കി മീൻ അതിലിട്ട് മൂത്തുപോകാതെ നേരിയതായി ഫ്രൈ ചെയ്ത് മാറ്റണം. അതിനുശേഷം ഒരു പാനിൽ എണ്ണ ഒഴിച്ച് പട്ട, ഗ്രാമ്പൂ, സവാള, പച്ചമുളക്, ഇഞ്ചി, കറിവേപ്പില എന്നിവ മൂത്തുപോവാതെ വഴറ്റുക. അതിലേക്ക് മൈദ, കുരുമുളക്പൊടി, മഞ്ഞൾപൊടി എന്നിവയിട്ട് വഴറ്റിയ ഉടനെ രണ്ടാം പാലും പാകത്തിന് ഉപ്പും ചേർത്ത് ചെറിയ തീയിൽ പാത്രം അടച്ച് ഏകദേശം 10 മിനിറ്റ് തിളപ്പിക്കണം. അതിനുശേഷം ഇതിൽ വറുത്തു വച്ചിരിക്കുന്ന മീൻ ചേർക്കുക. നല്ലവണ്ണം തിളച്ചു കഴിയുമ്പോൾ ഒന്നാം പാലും വിനാഗിരിയും ചേർതത് പാത്രം അടുപ്പിൽ നിന്ന് വാങ്ങണം. മുകളിൽ തക്കാളി മുറിച്ചിട്ട് അലങ്കരിക്കാം.



**ഷീബ പ്രിൻസൺ പുത്തിരി,**
തിരുഹൃദയം യൂണിറ്റ്

**ലേഖനം**

# സ്വർഗ്ഗവും നരകവും ഉണ്ടോ?

**വ**ല കാര്യങ്ങളും സംസാരിക്കുന്നതിനിടയ്ക്ക് ക്രൈസ്തവയായ ഒരു വീട്ടമ്മ ചോദിച്ച ചോദ്യമാണ് ഈ തലക്കെട്ടിൽ എഴുതിയത്. അവർ പറഞ്ഞു, സ്വർഗ്ഗവും നരകവും ഉണ്ടെന്നു പറയുന്നുണ്ടെങ്കിലും അതിന് എന്ത് തെളിവാണ് ഉള്ളത്. മരിച്ചു പോയവർ ആരും തിരിച്ചു വന്നിട്ട് ഇതേക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. ഒരു പക്ഷെ ഇതു കേൾക്കുന്ന ധാരാളം പേർ അത് ശരിയാണല്ലോ എന്ന് സമ്മതിച്ച് കൂടെക്കൂടുമായിരിക്കും.

യേശുവിന്റെ ഉയിർപ്പിനെ നിരാകരിക്കുന്ന, വിശ്വാസത്തെ തുരങ്കം വയ്ക്കുന്ന, തിരുവചനങ്ങളെ തള്ളിക്കളയുന്ന സംസാരമാണ് ആ ചോദ്യം. യേശു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ നമ്മുടെ വിശ്വാസം വ്യർത്ഥമാകുമായിരുന്നു. യേശു അരുളിച്ചെയ്യുന്നു: "നിങ്ങൾക്ക് സ്ഥലമൊരുക്കാനാണ് ഞാൻ പോകുന്നത്. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഞാൻ പോയി സ്ഥലമൊരുക്കി കഴിയുമ്പോൾ ഞാൻ വന്ന് നിങ്ങളേയും കൂട്ടിക്കൊണ്ടു പോകും." എത്ര വ്യക്തമായാണ് യേശു അരുളിച്ചെയ്തത്. ഇതൊക്കെ ഞങ്ങൾ പല തവണ കേട്ടിട്ടുണ്ട്. പക്ഷെ തെളിവ് എവിടെ എന്ന് ചോദിക്കുന്നവരുണ്ടാകാം. യേശുവിന്റെ മനുഷ്യാവതാരം, പരസ്യജീവിതം, വചനപ്രഘോഷണങ്ങൾ, പാടുപീഡകൾ, കുരിശുമരണം, ഉയിർപ്പ്, ശിഷ്യരുടെ തുടർപ്രവർത്തനങ്ങൾ, വെളിപാടുകൾ അടങ്ങിയ പുതിയനിയമഗ്രന്ഥത്തിന്റെ സാരാംശം മുഴുവൻ ഉൾക്കൊള്ളുന്ന തിരുവചനം. യോഹന്നാൻ 3:16 "തന്നിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." ഈ തിരുവചനത്തിൽനിന്ന് മനസ്സിലാക്കാവുന്നത് മനുഷ്യമക്കളുടെ നിത്യജീവൻ നേടുന്നതിനുവേണ്ടി – സ്വർഗ്ഗപ്രാപ്തിക്കുവേണ്ടി മിശിഹാ കുരിശുമരണം ഏറ്റെടുത്തു എന്നാണ്. ദൈവത്തിന്റെ സുതനായ മിശിഹാ നമ്മുടെ മോക്ഷപ്രാപ്തിക്കുവേണ്ടി ബലിയായി എന്ന സത്യം നിലനിൽക്കുമ്പോൾ സ്വർഗത്തെ സംശയിക്കുന്ന ആന്റി ക്രൈസ്റ്റ് ആയി നാം തീരരുത്.

"യേശു തന്റെ വത്സലശിഷ്യരായ പത്രോസ്, യോഹന്നാൻ, യാക്കോബ് എന്നിവരെ കൂട്ടിക്കൊണ്ട് പ്രാർത്ഥിക്കുവാനായി മലയിലേക്ക് കയറിപ്പോയി. പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ യേശുവിന്റെ മുഖഭാവം മാറി. വസ്ത്രം വെൺമയോടെ ശോഭിച്ചു. ആ സമയം മോശയും ഏലി

യായും അവനോട് സംസാരിച്ചു കൊണ്ടിരുന്നു. ശിഷ്യർ മൂന്നുപേരും അത് കണ്ട് സാക്ഷ്യപ്പെടുത്തി" (ലൂക്കാ 9: 28–30). യേശു ജനിക്കുന്നതിനേക്കാൾ എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ചിരുന്നവരാണ് മോശയും ഏലിയായും. വി. ലൂക്കായുടെ സുവിശേഷത്തിൽ തന്നെ ധനവാനും ലാസറും എന്ന ഉപമ എല്ലാവർക്കും സുപരിചിതമാണല്ലോ. (ലൂക്കാ 16: 2324) ധനവാനും ലാസറും ജീവിതമുറപ്രകാരം മരിച്ചു. ലാസർ അബ്രാഹത്തിന്റെ മടിയിൽ ഇരിക്കുന്നത് തീ നരകത്തിൽ കിടക്കുന്ന ധനവാൻ കണ്ടു. അബ്രാഹത്തോട് സംസാരിച്ചു. ഇവിടെ ലാസർ അബ്രാഹത്തിന്റെ മടിയിൽ സ്വർഗ്ഗത്തിലാണ് വാസം. യേശുവിന്റെ തിരുവചനങ്ങളുടെ രത്നച്ചുരുക്കം തന്നെ നിത്യജീവനിലേക്ക് നമ്മുടെ ആത്മാക്കൾ ഉയിർപ്പിക്കപ്പെടുന്നതിനെ പറ്റിയായിരുന്നു. ഇന്നും എന്നും ഈശോയ്ക്ക് പറയുവാനുള്ളത് നാം നിത്യജീവൻ നേടി നിത്യ സന്തോഷം അനുഭവിക്കണം എന്നുള്ളത് തന്നെയാണ്. ഈ ഭൗമിക ജീവിതം വിട്ട് യേശുവിനോടു കൂടെ സ്വർഗ്ഗത്തിൽ വസിക്കുന്നതിന് മരണത്തെ പുൽകാൻ കൊതിക്കുന്ന വി. പൗലോസ് ശ്ലീഹായുടെ വചനങ്ങൾ ഗ്രഹിക്കുന്നത് ശക്തിദായകമാണ്.

ധനികനോട് അബ്രാഹം പറയുന്നുണ്ട്. നിങ്ങൾക്ക് പ്രവാചകരും പ്രഘോഷകരുമൊക്കെ ഉണ്ടായിരുന്നല്ലോ. അവർ പറഞ്ഞത് കേട്ട് ഗ്രഹിക്കാത്തവർ ലാസർ ജീവനോടെ ചെന്ന് പറഞ്ഞാലും ബോധ്യമാവുകയില്ല. അതുകൊണ്ട് നിന്റെ ആഗ്രഹം സാധ്യമാകില്ല. നമ്മുടെ സ്ഥിതിയും ഇതിനോട് ചേർന്ന് നിൽക്കുന്നത് തന്നെയാണോ? എന്തെന്നാൽ നാം നിരവധിയായി തിരുവചനങ്ങൾ ശ്രവിച്ചു. കുർബ്ബാനകളിലും പ്രാർത്ഥനകളിലും പങ്കെടുത്തു. ധ്യാനങ്ങളിൽ സംബന്ധിച്ചു. ഇതെല്ലാം വർഷങ്ങളായി തുടർന്നു കൊണ്ടിരിക്കുന്നു. എന്നിട്ടും നിത്യജീവൻ പ്രാപിക്കാൻ തക്ക രീതിയിൽ തിരുവചനങ്ങളെ ഉൾക്കൊണ്ടുള്ള ജീവിതം പ്രാവർത്തികമാക്കുന്നില്ലെങ്കിൽ നാമും ആ ധനികന്റെ സ്ഥാനത്താണ്.ഞാൻ ക്രൈസ്തവവിശ്വാസിയാണ്. ക്രൈസ്തവജീവിതം നയിക്കുന്നവനാണ് എന്നൊക്കെ അവകാശപ്പെടുമായിരിക്കാം. നമ്മുടെ ജീവിതങ്ങളെ യേശുവിന്റെ വചനങ്ങളുടെ വെളിച്ചത്തിൽ മാറ്റുരച്ച് നോക്കുമ്പോൾ യഥാർത്ഥ സ്ഥിതി അനാവരണം ചെയ്യപ്പെടും. യേശുവിന്റെ പരസ്യജീവിത കാലഘട്ടത്തിൽ യഹൂദരിൽ പലരിലും നിലനിന്നിരുന്ന മനോഭാവം തന്നെയാണ് നമ്മിലും കുടികൊള്ളുന്നതെന്ന് ആഴത്തിൽ വിലയിരുത്തിയാൽ ബോധ്യമാകും.

**ഫ്രാൻസീസ് മുത്തിപീടിക**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

# 2023 - 2024 Catechism Result

| | | |
|---|---|---|
| **Nursary** | | |
| First rank | – | Darlitta Don |
| Second rank | – | Hariya P.S. |
| Best student | – | Evan Raphel Eugin |
| **Std I A** | | |
| First rank | – | Aaron Gabby |
| Second rank | – | Hanna Rose Byju |
| Best student | – | Peter Babu |
| **Std I B** | | |
| First rank | – | Ann Maria Geo |
| Second rank | – | Evaniya Stiju |
| Best student | – | Johan Rafy |
| **Std II A** | | |
| First rank | – | Joel Rejoy |
| Second rank | – | Jewel Jelson |
| Best student | – | Aastin Libin |
| **Std II B** | | |
| First rank | – | Hain Raphel Sojan |
| Second rank | – | Jewel N.J. |
| Best student | – | Ann Therea Sibin |
| **Std III A** | | |
| First rank | – | Agnus Theresa Binoy |
| Second rank | – | Theresa Jenson |
| Best student | – | Arnold P.B. |
| **Std III B** | | |
| First rank | – | Irine P. Doan |
| Second rank | – | Annlyn Ros Prajeesh |
| Best student | – | Rani Carmel |
| **Std IV A** | | |
| First rank | – | Anjana Maria |
| Second rank | – | Alona Maria |
| Best student | – | Jeffred Joby |

| | | |
|---|---|---|
| **Std IV B** | | |
| First rank | – | Anna Shinto |
| Second rank | – | Aneya Binoy |
| Best student | – | Heavenly Sinoj |
| **Std V A** | | |
| First rank | – | Athmiya Binoy |
| Second rank | – | Annriya Rose P. T. |
| Best student | – | Audwin Joseph |
| **Std V B** | | |
| First rank | – | Tessa Mariya |
| Second rank | – | Niya Mariyat K.N. |
| Best student | – | Abigail V.R. |
| **Std VI A** | | |
| First rank | – | Irene N.S. |
| Second rank | – | Alna Biju |
| Best student | – | Amyleah Chiriyankandath |
| **Std VI B** | | |
| First rank | – | Isabel N. J. |
| Second rank | – | Helna Reethu |
| Best student | – | Esha Therese |
| **Std VII A** | | |
| First rank | – | Mebiya T. Babu |
| Second rank | – | Annviya V.Y. |
| Best student | – | Alfred C.J. |
| **Std VII B** | | |
| First rank | – | Rose Maria |
| Second rank | – | Benedict Jiju |
| Best student | – | Desliya Alphonsa Joseph |
| **Std VIII A** | | |
| First rank | – | Anna Rose V.R. |
| Second rank | – | Anliya T. S. |
| Best student | – | Ajin C. Jomon |
| **Std VIII B** | | |
| First rank | – | Anet Mariya Rejoy |
| Second rank | – | Albin Dison |
| Best student | – | Annliya Johnson |

# തിരുനാൾ ആശംസകൾ



തിരുഹൃദയം യൂണിറ്റ്

# തിരുനാൾ ആശംസകൾ



സെന്റ് ആന്റണീസ് യൂണിറ്റ്

തിരുനാൾ ആശംസകൾ

സെന്റ് പോൾ യൂണിറ്റ്



# Happy Feast






നാമഹേതുക തിരുനാൾ
ആഘോഷിക്കുന്ന
ബഹുമാനപ്പെട്ട
**പോൾ താണിക്കൽ അച്ചന്**
കൊച്ചച്ചന്റെയും
പെരിഞ്ചേരി തിരുഹൃദയ
ഇടവകകുടുംബത്തിന്റെയും
നാമഹേതുക തിരുനാൾ

**മംഗളങ്ങൾ**



നിത്യവ്രതവാഗ്ദാനം നടത്തിയ
**ബ്രദർ ജിന്റോ മരിയ മഞ്ഞളി** SDVക്കും
**ബ്രദർ ക്രിസ്റ്റീൻമരിയ ചീരമ്പൻ** SDVക്കും
ഇടവകയുടെ ആശംസകൾ



# Baptism

**FAUSTINA K. ANIL**

D/o Anil k Lazar & Aleena Anil
Kuttikkatt House, Vallissery P.O

St: Paul Unit







*Nidhi K Jithin*

D/o Jyothy Jithin & Jithin Paul
Kombarakkaran House

11 MAY 2024

# *Christening*









Baptism of

# NAZARETH MARIYAM

D/o Nidhin Davis & Raimy Raphy

Pallipatt(H)







# First Holy Communion

28 April 2024

## Aman K. Siju

S/o Mr. Siju K.J. & Mrs. Paulci Siju
Kundukulangara House, P. O. Avinissery

St. Mary's Unit, Perinchery

*With best compliments from:*
Appa, Amma and Chettan







**Harish Prince & Helna Prince**

Mr. Prince M. R. & Stephy Prince
Muthipeedika House, Anakallu, Avinissery P. O

Thiruhrdayam Unit, Perinchery



# 1 HOLY Communion

## AADLY ADAM & DRACHMA FECHAL

Anto varghese,
Kanjiraparambil house,
St. Thomas unit











# ELBIN & SNEHA

S/o. Mrs. Ruby Johnson
& Mr. Johnson M.F.
Arimboor
Muthipeedika House
Perinchery

St. Alphonsa Unit

D/o. Mrs. Valsa Roy
& Mr. Roy P.M.
Paliakkara House
Avinissery



*Wedding*
12th May 2024





FIRST HOLY
**COMMUNION**

**ANNA SHINTO**
D/o Mr. Asteena Shinto & Shinto Francis
Vazhappily House
Sacred Heart Unit, Perinchery
*Compliments From:* Dear & Nears



First Holy Communion

28 April 2024

**ANOSH SHYJU**

1st 6th Birthday!

01 June 2024



**ANOVID SHYJU**



**AVINO SHYJU**

Marrottikkal House, Perinchery
St. Vincent De Paul Unit



# Wedding

20th May 2024

## ANJITHA VINU

Mr. Vinu & Mrs. Eveline Vinu,
Puliyamkotte House,
Avinissery P.O, Perinchery

St.John Maria Vianney unit

## JOSMIN JOSHY

S/o Joshy P. J (Late) &
Mrs. Tessy Joshy
Palathingal House,
P.O Anchery



# Wedding

19th May 2024



## JIJO ANTONY

S/o Antony K V,
Poruthooru
Koonampilavu House,
Perinchery

*Nirmalamatha Unit*

## NIYA VARGHESE

D/o Varghese A A,
Arimboor
Adambukulam House,
Ammadam







# 50TH WEDDING ANNIVERSARY

16-06-1974 16-06-2024

## കണ്ണമ്പുഴ വള്ളൂപ്പാറ വിൽസൺ & ലില്ലി വിൽസൺ

സ്നേഹം നിറഞ്ഞ ഡാഡിക്കും മമ്മിക്കും (അപ്പാപ്പനും അമ്മാമക്കും)
ഞങ്ങളുടെ ഹൃദയം നിറഞ്ഞ വിവാഹ വാർഷിക മംഗളാശംസകൾ...

മക്കളും പേരമക്കളും
സെന്റ് ജോൺ മരിയ വിയാനി യൂണിറ്റ്

## 5 – ാം ചരമവാർഷികം

# വീരംമ്പുള്ളി റപ്പായി **പാവു**

ജനനം:15.07.1949 മരണം:26.06.2019

നിനച്ചിരിക്കാത്ത ആ നിമിഷം ഞങ്ങളെ തനിച്ചാക്കി
ദൈവ സന്നിധിയിലേക്ക് പുറപ്പെട്ട ഞങ്ങളുടെ
സ്നേഹനിധിയായ അപ്പച്ചന്റെ വേർപാടിന്റെ വേദനയിൽ.....
ആ വാത്സല്യത്തിന്റെ ഓർമകളിൽ,
നിറകണ്ണുകളോടെ

*വിമലനാഥ യൂണിറ്റ്*



ഞാനാണ് പുനരുത്ഥാനവും
ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ
മരിച്ചാലും ജീവിക്കും.
(യോഹ: 11:25)



41-ാം
ചരമ ദിനം
12.06.2024



കണ്ണമ്പുഴ
വള്ളൂപ്പാറ
തോമ ഭാര്യ

## ഏല്യ

ജനനം: 01..06.1927
മരണം: 03.05.2024

സെന്റ് ജോർജ്ജ്
യൂണിറ്റ്





33-ാം
ചരമവാർഷികം
കണ്ണമ്പുഴ
വള്ളൂപ്പാറ
കുഞ്ഞിവാറു
ഭാര്യ **കുഞ്ഞനം**
ജനനം: 11.06.1902
മരണം: 27.12.1991



23-ാം
ചരമവാർഷികം
കണ്ണമ്പുഴ
വള്ളൂപ്പാറ
കുഞ്ഞിവാറു
**തോമ**
ജനനം: 27.05.1927
മരണം: 01.06.2001



23-ാം
ചരമവാർഷികം
കണ്ണമ്പുഴ
വള്ളൂപ്പാറ
കുഞ്ഞിവാറു
**വറീത്**
ജനനം: 19.04.1931
മരണം: 25.06.2001



6-ാം
ചരമവാർഷികം
കണ്ണമ്പുഴ
വള്ളൂപ്പാറ
വറീത് ഭാര്യ
**റോസി**
ജനനം: 03.04.1937
മരണം: 30.01.2018



2-ാം
ചരമവാർഷികം
കണ്ണമ്പുഴ
വള്ളൂപ്പാറ
